# കേരള സർവകലാശാല

നം. പി.ആർ.154/2016 ഫോൺ : 2305738

## പത്രക്കുറിപ്പ്

### പി.ജി (എസ്.ഡി.ഇ) പരീക്ഷകൾ മാറ്റി

കേരള സർവകലാശാല വിദൂരവിദ്യാഭ്യാസ വിഭാഗം ആഗസ്റ്റ് 22-ന് തുടങ്ങാനിരുന്ന എം.എ, എം.എസ്‌സി, എം.കോം (പ്രീവിയസ് സപ്ലിമെന്ററി) പരീക്ഷകൾ മാറ്റിവെച്ചു. പുതുക്കിയ തീയതി പിന്നീട് അറിയിക്കും.
(എല്ലാ എഡിഷനുകളിലും പ്രസിദ്ധീകരിക്കുന്നതിന്)

### സീറ്റൊഴിവ്

കേരള സർവകലാശാല കാര്യവട്ടം ഹിസ്റ്ററി പഠനവകുപ്പിൽ ഒന്നാം വർഷ എം.എ ഹിസ്റ്ററി (സി.എസ്.എസ്.) പ്രോഗ്രാമിൽ എസ്.സി. വിഭാഗത്തിൽ ഒരു സീറ്റ് ഒഴിവുണ്ട്. താല്പര്യമുള്ളവർ അസൽ രേഖകളുമായി ആഗസ്റ്റ് 23 രാവിലെ 11 മണിക്ക് പഠനവകുപ്പിൽ ഹാജരാകണം. ഫോൺ 0471-2308839, 9446533386.

കാര്യവട്ടം സ്റ്റാറ്റിസ്റ്റിക്സ് പഠനവകുപ്പിൽ എം.എസ്‌സി സ്റ്റാറ്റിസ്റ്റിക്സ് (സി.എസ്.എസ്)കോഴ്‌സിന് എസ്.സി/എസ്.ടി വിഭാഗത്തിൽ ഒരു സീറ്റൊഴിവുണ്ട്. അർഹരായവർ അസ്സൽ സർട്ടിഫിക്കറ്റുകൾ സഹിതം ആഗസ്റ്റ് 22 ഉച്ചയ്ക്ക് രണ്ട് മണിക്കകം വകുപ്പദ്ധ്യക്ഷനുമായി ബന്ധപ്പെടുക. ഫോൺ 0471-2308905.

കാര്യവട്ടം സംസ്കൃതപഠനവകുപ്പിൽ എം.എ സംസ്കൃതം കോഴ്‌സിന് ജനറൽ, ഒ.ബി.സി, പട്ടിക ജാതി/പട്ടികവർഗ്ഗ വിഭാഗങ്ങളിൽ ഏതാനും സീറ്റുകൾ ഒഴിവുണ്ട്. താൽപര്യമുള്ളവർ അസ്സൽ സർട്ടിഫിക്കറ്റുകൾ സഹിതം ആഗസ്റ്റ് 25 രാവിലെ 11 മണിക്ക് സംസ്കൃത പഠനവകുപ്പിൽ ഹാജരാകണം. ഫോൺ. 0471-2308801, 9995381562.

### പി.എച്ച്.ഡി കോഴ്സ് വർക്ക് : മാർക്ക്‌ലിസ്റ്റും സർട്ടിഫിക്കറ്റും കൈപ്പറ്റണം

കേരള സർവകലാശാല ഫെബ്രുവരിയിൽ (2015 ഡിസംബർ സെഷൻ) നടത്തിയ പി.എച്ച്.ഡി കോഴ്സ് വർക്ക് പരീക്ഷ വിജയിച്ച വിദ്യാർത്ഥികളുടെ മാർക്ക്‌ലിസ്റ്റും സർട്ടിഫിക്കറ്റും ആഗസ്റ്റ് 22 മുതൽ കാര്യവട്ടം സി.എസ്.എസ് ഓഫീസിൽ ഹാൾടിക്കറ്റുമായി വന്ന് കൈപ്പറ്റണം.

### ബി.എസ്‌സി പ്രാക്ടിക്കൽ ടൈംടേബിൾ

കേരള സർവകലാശാല ആഗസ്റ്റ് 29-ന് തുടങ്ങുന്ന സി.ബി.സി.എസ് നാലാം സെമസ്റ്റർ ബി.എസ്‌സി സുവോളജി, ബോട്ടണി, കെമിസ്ട്രി, ഫിസിക്സ്, സ്റ്റാറ്റിസ്റ്റിക്സ് പ്രാക്ടിക്കൽ പരീക്ഷയുടെ ടൈംടേബിൾ വെബ്സൈറ്റിലും (www.keralauniversity.ac.in) കോളേജുകളിലും ലഭിക്കും.

### ബി.എസ്‌സി : പ്രീ-പ്രാക്ടിക്കൽ ബോർഡ് മീറ്റിംഗ്

കേരള സർവകലാശാല ആഗസ്റ്റ് 29-ന് തുടങ്ങുന്ന നാലാം സെമസ്റ്റർ സി.ബി.സി.എസ് ബി.എസ്‌സി സുവോളജി, ബോട്ടണി, കെമിസ്ട്രി, ഫിസിക്സ്,

സ്റ്റാറ്റിസ്റ്റിക്സ് എക്സാമിനർമാരുടെ പ്രീ-പ്രാക്ടിക്കൽ ബോർഡ് മീറ്റിംഗ് ആഗസ്റ്റ് 25 രാവിലെ 11 മണിക്ക് പാളയം സർവകലാശാല സെനറ്റ് ഹാളിൽവെച്ച് നടത്തും. ബന്ധപ്പെട്ട അദ്ധ്യാപകർ പങ്കെടുക്കണം.

## ബി.ടെക് പരീക്ഷ

കേരള സർവകലാശാല സെപ്റ്റംബറിൽ നടത്തുന്ന മൂന്ന്, അഞ്ച് സെമസ്റ്റർ ബി.ടെക് (2008 സ്കീം സപ്ലിമെന്ററി) പരീക്ഷയ്ക്ക് ഓൺലൈനായി (www.exams.keralauniversity.ac.in) രജിസ്റ്റർ ചെയ്യാം. പരീക്ഷകൾക്ക് പിഴകൂടാതെ ആഗസ്റ്റ് 26 (50 രൂപ പിഴയോടെ ആഗസ്റ്റ് 29, 250 രൂപ പിഴയോടെ ആഗസ്റ്റ് 31) വരെ അപേക്ഷിക്കാം. വിശദവിവരങ്ങൾ വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും. പ്രസ്തുത പരീക്ഷകൾക്ക് ട്രാൻസിറ്ററി വിദ്യാർത്ഥികൾ അപേക്ഷ സർവകലാശാലയിൽ നേരിട്ട് സമർപ്പിക്കണം.

## എൽ.എൽ.ബി പരീക്ഷ

കേരള സർവകലാശാല സെപ്റ്റംബർ 22-ന് തുടങ്ങുന്ന നാലാം സെമസ്റ്റർ ഇന്റഗ്രേറ്റഡ് (പഞ്ചവത്സരം) ബി.എ/ ബി.കോം/ ബി.ബി.എ എൽ.എൽ.ബി പരീക്ഷകൾക്ക് പിഴകൂടാതെ ആഗസ്റ്റ് 29 (50 രൂപ പിഴയോടെ ആഗസ്റ്റ് 31, 250 രൂപ പിഴയോടെ സെപ്റ്റംബർ രണ്ട് വരെ) ഓൺലൈനായി (www.exams.keralauniversity.ac.in) അപേക്ഷിക്കാം.

സെപ്റ്റംബർ 30-ന് തുടങ്ങുന്ന രണ്ടാം സെമസ്റ്റർ ഇന്റഗ്രേറ്റഡ് (പഞ്ചവത്സരം) ബി.എ/ ബി.കോം/ ബി.ബി.എ എൽ.എൽ.ബി പരീക്ഷകൾക്ക് പിഴകൂടാതെ സെപ്റ്റംബർ ഒന്ന് (50 രൂപ പിഴയോടെ സെപ്റ്റംബർ മൂന്ന്, 250 രൂപ പിഴയോടെ സെപ്റ്റംബർ അഞ്ച് വരെ) ഓൺലൈനായി (www.exams.keralauniversity.ac.in) അപേക്ഷിക്കാം.

## ബി.എസ്സി പ്രാക്ടിക്കൽ

കേരള സർവകലാശാല കരിയർ റിലേറ്റഡ് ബി.എസ്സി ബോട്ടണി ആൻഡ് ബയോടെക്നോളജി, ബയോടെക്നോളജി മൾട്ടിമേജർ, ബയോകെമിസ്ട്രി ആൻഡ് ഇൻഡസ്ട്രിയൽ മൈക്രോബയോളജി എന്നിവയുടെ രണ്ട്, നാല് സെമസ്റ്റർ പരീക്ഷകളുടെ പ്രാക്ടിക്കൽ ആഗസ്റ്റ് 25 മുതൽ അതത് കോളേജുകളിൽ നടത്തും. ടൈംടേബിൾ വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.

## സംസ്കൃത ദുന്ദുഭി 2016

കേരള സർവകലാശാല കാര്യവട്ടം വേദാന്ത പഠനകേന്ദ്രത്തിന്റെ ആഭിമുഖ്യത്തിൽ സംസ്കൃത വാരാഘോഷവും സംസ്കൃത ദിനാചരണവും സമുചിതമായി ആഘോഷിക്കുകയാണ്. വിവിധ വിദ്യാലയങ്ങളുടേയും കലാലയങ്ങളുടേയും വിശ്വ സംസ്കൃത പ്രതിഷ്ഠാനത്തിന്റെയും സഹകരണത്തോടെ സംസ്കൃത വാരാഘോഷത്തിന്റെ സമാപന ദിവസമായ ആഗസ്റ്റ് 21 ഉച്ചയ്ക്ക് ശേഷം രണ്ട് മണിമുതൽ 6.30 വരെ 'സംസ്കൃതദുന്ദുഭി 2016' എന്ന പേരിൽ സംസ്കൃത ഛാത്രസംഗമം സർവകലാശാല സെനറ്റ് ഹാളിൽ നടത്തുന്നു. ജില്ലയിലെ ആറ് മുതൽ 12 വരെ ക്ലാസിൽ സംസ്കൃതം പഠിക്കുന്ന 80% മാർക്ക് നേടിയ എല്ലാ വിദ്യാർത്ഥികളേയും അവരുടെ അദ്ധ്യാപകരേയും ചടങ്ങിൽ ആദരിക്കും.

# <u>ബി.ടെക് സൂക്ഷ്മപരിശോധന</u>

കേരള സർവകലാശാല നവംബറിൽ നടത്തിയ അഞ്ചാം സെമസ്റ്റർ ബി.ടെക് പരീക്ഷയുടെ ഉത്തരക്കടലാസുകളുടെ സൂക്ഷ്പരിശോധനയ്ക്ക് അപേക്ഷിച്ചവർ ഫോട്ടോ പതിച്ച തിരിച്ചറിയൽ രേഖ, ഹാൾടിക്കറ്റ് എന്നിവയുമായി പുനർമൂല്യനിർണ്ണയ വിഭാഗത്തിൽ ആഗസ്റ്റ് 22 മുതൽ സെപ്റ്റംബർ രണ്ട് വരെയുള്ള പ്രവൃത്തി ദിവസങ്ങളിൽ വൈകുന്നേരം മൂന്ന് മുതൽ അഞ്ച് മണിവരെയുള്ള സമയങ്ങളിൽ ഹാജരാകണം.

**സർവകലാശാല മന്ദിരം,**

തിരുവനന്തപുരം.

20.08.2016

പബ്ലിക് റിലേഷൻസ് ഓഫീസർ

അംഗീകാരത്തോടെ,

സെക്ഷൻ ഓഫീസർ

**e-mail: ku.release@gmail.com** **website: www.keralauniversity.ac.in**

**University information is available on 0471-2305994, 155300 (BSNL Land line), 0471-155300 (from mobile) 0471-2115054 and 0471-2115098**